# സമർപ്പണം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 23-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 25-ാം ചട്ടം എന്നിവ അവലംബമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് 2015-16 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

2014-15 കാലയളവിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പ്രസക്ത വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് (ഖണ്ഡികകൾ) പുറമെ, വിഷയാധിഷ്ഠിത അവലോകനങ്ങൾ (സംസ്ഥാന/ജില്ലാതലങ്ങളിലുള്ളത്) തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലെ എസ്.സി/എസ്.റ്റി പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പ്രവർത്തനക്ഷമത റിപ്പോർട്ട്, വിവിധ സർവ്വകലാശാലകൾ, ക്ഷേമനിധി ബോർഡ്, വിശാല കൊച്ചി വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങളെ അധികരിച്ചുള്ള പ്രവർത്തനാവലോകന റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളെ അടിസ്ഥാനമാക്കിയുള്ള നടപടികൾ/ക്രമപ്പെടുത്തലുകൾ/തിരിച്ചുപിടിക്കലുകൾ എന്നിവയുടെ വിവരങ്ങളിൽ നിന്നും തെരഞ്ഞെടുത്തവ ഉൾപ്പെടുന്ന ഓഡിറ്റ് ഇംപാക്ട് എന്നിവയും ഇതിലുൾപ്പെടുന്നു.

ഭാവിയിൽ വിവിധ ക്ഷേമ, വികസന പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവയ്ക്കൊരു വഴികാട്ടിയും കഴിഞ്ഞുപോയവയുടെ പുനഃക്രമീകരണത്തിനൊരു ഉപാധിയുമായി ഇതിനെ പരിഗണിക്കാവുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനമികവിന്റെ/പോരായ്മയുടെ നേർചിത്രമായ 2015-16 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന നിയമസഭയുടെ പരിഗണനക്കും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു.

**ഡി. സാങ്കി**
**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**തിരുവനന്തപുരം**
**30.09.2016**

# ആമുഖം

കൃത്യനിർവ്വഹണത്തിന്റെ വ്യാപ്തിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമായ അംഗ ബലമുള്ളൊരു വകുപ്പാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ്. 8000 ത്തിൽപ്പരം സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തി യാക്കി റിപ്പോർട്ട് പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കുകയെന്ന ഒരു ബൃഹത് കർമ്മമാണ് വകുപ്പ് ഏറ്റെ ടുത്ത് നടപ്പാക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, ആശുപത്രി വികസന സമിതികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ തുടങ്ങി സംസ്ഥാനത്തിന്റെ ആകെ വരവുചെലവുകളുടെ സിംഹഭാഗവും കൈകാര്യം ചെയ്യുന്ന സ്ഥാപ നങ്ങളിലെ സാമ്പത്തിക ഇടപാടുകളുടെ സമഗ്ര വിശകലനമാണ് ഓഡിറ്റ് വിഭാഗം നിർവ്വഹിച്ചു വരുന്നത്.

ഏതൊരു പ്രവർത്തനത്തിന്റെയും പൂർണ്ണഫലപ്രാപ്തി വിലയിരുത്തലുകളിൽ അധിഷ്ഠിതമാണ്. യഥാതഥവും സമഗ്രവുമായ വിലയിരുത്തലുകൾ തുടർപ്രവർത്തനങ്ങൾക്ക് ദിശാസൂചകങ്ങളും ന്യൂനതാപ രിഹാരങ്ങൾക്കുള്ള ഉത്തമമാർഗ്ഗങ്ങളുമാണ്. ഇത്തരത്തിലുള്ള വിലയിരുത്തലുകളിലൂടെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രേരകശക്തിയായി വർത്തിക്കുന്നതിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മുൻപന്തിയിലാണ്.

ഓഡിറ്റ് വകുപ്പ് വർഷാവർഷം പ്രസിദ്ധം ചെയ്യുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ട് മേൽപ്പറഞ്ഞ സ്ഥാപ നങ്ങളിലൂടെ കേരളത്തിലെ പൊതുസമൂഹത്തിനുണ്ടായ നേട്ടങ്ങളും കോട്ടങ്ങളുമാണ് പ്രതിഫലിപ്പിക്കുന്നത്. ബഹു. നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതാകയാൽ ഏറ്റവും ശ്രദ്ധേയമായ ഓഡിറ്റ് കണ്ടെത്തലുകളുടെ രത്നച്ചുരുക്കമാണ് ഇതിൽ ഉൾക്കൊള്ളിച്ചു പോരുന്നത്.

അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുൾപ്പെടുത്തുന്നതിലുപരിയായി വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ക്ഷേമ, വികസന പദ്ധതികളുടെ നടത്തിപ്പ്, നിർവ്വഹണ സംവിധാന ത്തിന്റെ കാര്യശേഷി, പദ്ധതികളുടെ ഫലപ്രാപ്തി എന്നിവയുടെ വിലയിരുത്തലുകൾ സ്ഥാപനങ്ങളുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ക്ഷമതയും വേഗതയും വർദ്ധിപ്പിക്കുമെന്നത് നിസ്തർക്കമാണ്.

## 2015-16 സമാഹൃത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ താഴെപ്പറയുന്നവയാണ്.

**I. വിഷയാധിഷ്ഠിത അവലോകനം**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം - സാംഖ്യ

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്.

**II. ജില്ലാതല വിഷയാധിഷ്ഠിത അവലോകനം :**

**1. പാലക്കാട് ജില്ല**

(ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നടപ്പാക്കിയ കമ്പ്യൂട്ടർവൽക്കരണം

**2. ഇടുക്കി ജില്ല**

(കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ശ്രദ്ധേയമായ ഏതാനും ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ അനുമതിയിലെ പാകപ്പിഴകൾ)

**III. പ്രവർത്തനാവലോകനം**

**1. കാർഷിക സർവ്വകലാശാല**

(റിവോൾവിംഗ് ഫണ്ടുകളുടെ കൈകാര്യം)

**2. കോഴിക്കോട് സർവ്വകലാശാല**

(സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം, കോളേജുകൾക്ക്/കോഴ്സുകൾക്ക് അഫിലിയേഷൻ അനുവദിക്കൽ)

**3.** **മഹാത്മാഗാന്ധി സർവ്വകലാശാല**

(പരീക്ഷാ നടത്തിപ്പിലെ പോരായ്മകൾ)

**4.** **ക്ഷേമനിധി ബോർഡ്**

(ആറളം ഭവനനിർമ്മാണ പദ്ധതിയിലുണ്ടായ പരാജയങ്ങൾ)

**5.** **ജി.സി.ഡി.എ. (വിശാല കൊച്ചി വികസന അതോറിറ്റി)**

(ഭൂമി ഇടപാടുകളിലെ പൊരുത്തക്കേടുകൾ)

**IV.** **പ്രവർത്തനക്ഷമതാ റിപ്പോർട്ട്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം

ശാസ്ത്രീയമായ വിവരശേഖരണം, വിശദമായ പഠനങ്ങൾ, അതതു മേഖലകളിലെ വിദഗ്ദ്ധരുടെ ഉപദേശങ്ങൾ, നേരിട്ടുള്ള സ്ഥലപരിശോധന എന്നിവ അവലംബമാക്കിയാണ് മേൽപ്പറഞ്ഞ അവലോകനങ്ങൾ/പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

2015-16 വർഷം പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ തലങ്ങളിലെ ഓഡിറ്റ് ഇടപെടലുകളെത്തുടർന്നുണ്ടാകുന്ന നടപടികൾ/തിരിച്ചടവുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന 'ഓഡിറ്റ് ഇംപാക്റ്റുകൾ' സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ മറ്റൊരു സവിശേഷതയാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉത്തമ വഴികാട്ടിയായിരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിലുൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകൾ, ഇംപാക്ടുകൾ, അവലോകനങ്ങൾ, വിഷയാധിഷ്ഠിത/പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ എന്നിവയുടെ പൂർണ്ണരൂപങ്ങൾക്ക് അതത് സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കാവുന്നതാണ്. സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 ന്റെ വെബ് പതിപ്പ് www.lfa.kerala.gov.in ൽ ലഭ്യമാണ്.

| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **ആമുഖം** | | 01 |
| **അധ്യായം - 1** | | |
| **ലോക്കൽ ഫണ്ട് ഓഡിറ്റ് ഘടനയും പ്രവർത്തനങ്ങളും** | | 6-9 |
| ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം | 1 -1 | 6 |
| സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഘടന | 1 -2 | 6 |
| ലോക്കൽ ഫണ്ട് ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ | 1 -3 | 7 |
| അക്കൗണ്ടുകളുടെ ഓഡിറ്റ് | 1 -4 | 7 |
| അക്കൗണ്ട് സർട്ടിഫിക്കേഷൻ | 1 -5 | 8 |
| ചാരിറ്റബിൾ എൻഡോവ്മെന്റ് | 1 -6 | 8 |
| ചാർജ്/സർചാർജ് നടപടികൾ | 1 -7 | 8 |
| ഓഡിറ്റ് ചാർജ് | 1 -8 | 9 |
| ഓഡിറ്റ് പുരോഗതി | 1 -9 | 9 |
| **അധ്യായം - 2** | | |
| **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 12-ാം പദ്ധതിയും** | 2-1 | 10-13 |
| **അധ്യായം - 3** | | |
| **പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്** | | |
| **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം** | 3 | 14-34 |
| **ആമുഖം** | | 16 |
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ** | | 17 |
| **ഓഡിറ്റ് അധികാരം, ഓഡിറ്റ് മാനദണ്ഡങ്ങൾ, ഓഡിറ്റ് ലക്ഷ്യങ്ങൾ** | | 18 |
| എ) എസ്.സി/എസ്.ടി വാസമേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ പര്യാപ്തമല്ല | | 19-26 |
| ബി) പദ്ധതി നിർവ്വഹണ ധനവിനിയോഗ കാര്യക്ഷമത | | 26-34 |
| **അധ്യായം - 4** | | |
| **വിഷയാധിഷ്ഠിത അവലോകനം** | | 35-47 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം | 4 -1 | 36-41 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | 4 -2 | 42-47 |
| **അധ്യായം - 5** | | |
| **ജില്ലാതല വിഷയാധിഷ്ഠിത അവലോകനം** | | 48-57 |
| സ്പെഷ്യൽ റിപ്പോർട്ട് - ഇടുക്കി ജില്ലയിലെ മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അവലോകന റിപ്പോർട്ട് | 5 -1 | 49-53 |
| ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം - പാലക്കാട് ജില്ല | 5 -2 | 54-57 |
| **അധ്യായം - 6** | | |
| **സർവ്വകലാശാലകളിലെ അവലോകന റിപ്പോർട്ടുകൾ** | | 58-89 |
| മഹാത്മാഗാന്ധി സർവ്വകലാശാല - പരീക്ഷാ നടത്തിപ്പ് | 6 -1 | 59-68 |
| കേരള കാർഷിക സർവ്വകലാശാലയിലെ റിവോൾവിംഗ് ഫണ്ടുകൾ | 6 -2 | 69-73 |

| | | |
|---|---|---|
| കോഴിക്കോട് സർവ്വകലാശാല - സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണവും പ്രവർത്തനവും | 6 - 3 | 74 - 82 |
| കോഴിക്കോട് സർവ്വകലാശാല - കോളേജുകൾക്ക്/കോഴ്സുകൾക്ക് അഫിലിയേഷൻ നൽകൽ - കോളേജ് ഡെവലപ്മെന്റ് കൗൺസിൽ | 6 - 4 | 83-89 |
| **അധ്യായം - 7** | | |
| **മറ്റ് സ്ഥാപനങ്ങളിലെ അവലോകന റിപ്പോർട്ടുകൾ** | | 90 - 103 |
| ജി.സി.ഡി.എ. - അതോറിറ്റിയുടെ ഭൂമി ഇടപാടുകളിൽ ക്രമക്കേട് | 7 - 1 | 90 - 98 |
| കേരള നിർമ്മിതി കേന്ദ്രം - ആറളം ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 7 - 2 | 99 - 103 |
| **അധ്യായം - 8** | | |
| **ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | | 104-146 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സർക്കാർ അംഗീകാരമില്ലാത്ത ചികിത്സാരീതി -15 ലക്ഷം രൂപയുടെ ചെലവ് (തിരുവനന്തപുരം ജില്ല പഞ്ചായത്ത്) | 8 - 1 | 105-107 |
| ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം - മാർക്കുകളിൽ ഗണ്യമായ ഏറ്റകുറച്ചിലുകൾ (കേരള സർവ്വകലാശാല) | 8 - 2 | 108 - 110 |
| കാടവളർത്തൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല (കൊല്ലം ജില്ല പഞ്ചായത്ത്) | 8 - 3 | 111 |
| തെരുവ് വിളക്ക് പരിപാലനവും അറ്റകുറ്റപ്പണികളും - കരാർ നൽകിയതിൽ ക്രമക്കേട് - നഗരസഭയ്ക്ക് വൻനഷ്ടം (കൊല്ലം നഗരസഭ) | 8 - 4 | 112 - 113 |
| സുനാമി പുനരധിവാസ നടത്തിപ്പിലെ വീഴ്ചകൾ - 1.95 കോടി രൂപ പാഴായി (സംസ്ഥാന ക്ഷേമനിധി ഓഡിറ്റ് വിഭാഗം, കൊല്ലം) | 8 - 5 | 114-115 |
| പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്തു. 8.58 ലക്ഷം രൂപയുടെ ക്രമക്കേട് (ദേവികുളം ബ്ലോക്ക് പഞ്ചായത്ത്) | 8-6 | 116 |
| മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ്-ലക്ഷങ്ങൾ ചെലവഴിച്ചിട്ടും മാലിന്യ പ്രശ്നത്തിന് പരിഹാരമായില്ല (മൂന്നാർ ഗ്രാമപഞ്ചായത്ത്) | 8-7 | 117-119 |
| മാലിന്യ നിയന്ത്രണം -പഞ്ചായത്ത് വക നിരീക്ഷണ ക്യാമറകളുടെ കൺട്രോൾ, യൂണിറ്റ് പോലീസ് സ്റ്റേഷനിൽ (കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്) | 8 - 8 | 120 |
| ഓഫ് ക്യാമ്പസ് സെന്ററുകളിലെ പരീക്ഷ നടത്തിപ്പ് - കിട്ടാനുള്ളത് മുക്കാൽ കോടി (മഹാത്മാഗാന്ധി സർവ്വകലാശാല) | 8 - 9 | 121-122 |
| ഇ-ഗ്രാന്റ് അനധികൃതമായി പിൻവലിച്ച് വിതരണം - 16,66,765/- രൂപ നഷ്ടം (എം.ജി. സർവ്വകലാശാല) | 8 - 10 | 122-123 |
| അധ്യാപകർക്ക് ക്വാർട്ടേഴ്സ് നിർമ്മാണം - 3.48 കോടി ചെലവഴിച്ചിട്ടും പണി പാതി വഴിയിൽ (എം.ജി. സർവ്വകലാശാല) | 8 - 11 | 123-125 |
| സ്റ്റീം കിച്ചൺ യൂണിറ്റ് സ്ഥാപിച്ചില്ല - 4.5 ലക്ഷം രൂപയുടെ ഉപകരണങ്ങൾ തുരുമ്പെടുക്കുന്നു. (ആലപ്പുഴ ജില്ല പഞ്ചായത്ത്) | 8 - 12 | 126 |
| അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യൽ, നിരീക്ഷണ സംവിധാനമൊരുക്കൽ - നഗരസഭയ്ക്ക് 71.78 ലക്ഷം രൂപയുടെ നഷ്ടം (കൊച്ചി നഗരസഭ) | 8 - 13 | 127-129 |
| ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു - 2.91 കോടി രൂപ പാഴായി | 8 - 14 | 130-132 |
| 10 എം$^3$ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം - പ്രവർത്തനക്ഷമമാക്കുന്നതിൽ നഗരസഭയുടെ വീഴ്ച - 33,59,500/- രൂപ പാഴായി | 8 - 15 | 133-134 |
| മരാമത്ത് ബില്ലുകളിൽ ക്രമക്കേട് - സെക്ഷൻ ക്ലാർക്ക് അപഹരിച്ചത് 7,96,284/- രൂപ (പറളി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല) | 8 - 16 | 135 |

| | | |
|---|---|---|
| കുടുംബശ്രീ തൊഴിൽ പരിശീലന പദ്ധതികൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - പദ്ധതി നടത്തിപ്പിൽ ക്രമക്കേട് - 8,33,650/- രൂപയുടെ ധനദുർവിനിയോഗം (തൃത്താല ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല) | 8 - 17 | 136-138 |
| അറവുശാലയിലെ ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല - 32,58,000/- രൂപ യുടെ പാഴ്ചെലവ് (മഞ്ചേരി നഗരസഭ, മലപ്പുറം ജില്ല) | 8 - 18 | 139-140 |
| ജൈവവള ഉത്പാദന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല - 14.73 ലക്ഷം പാഴായി. (വളാഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല) | 8 - 19 | 141-142 |
| അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി - 6.5 ലക്ഷം രൂപ യുടെ പാഴ്ചെലവ് (കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല) | 8 - 20 | 143-144 |
| ഉപയോഗപ്രദമല്ലാത്ത മലിനജല പ്ലാന്റിനുവേണ്ടി ലക്ഷങ്ങൾ ചെലവഴിച്ചു (വടകര നഗരസഭ, കോഴിക്കോട്) | 8 - 21 | 145 |
| പത്ത് വർഷം മുമ്പ് നിർമ്മിച്ച ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല - ലക്ഷങ്ങളുടെ വരുമാന നഷ്ടം (പൂതാടി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല) | 8 - 22 | 146 |
| **അധ്യായം - 9** | | |
| **ഓഡിറ്റ് ഇംപാക്റ്റ്** | | 147-149 |
| സമാന്തര സീരീസിലുള്ള ടിക്കറ്റുകൾ വിറ്റത് മൂലം വിനോദനികുതിയിലുണ്ടായ നഷ്ടം 3,06,793/- രൂപ തീയറ്ററിൽ നിന്നും ഈടാക്കി | 9 - 1 | 147 |
| ക്ഷീരാമൃതം പദ്ധതി - പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളിലെ വിപണന ഗ്രൂപ്പുകൾക്ക് നൽകിയ തുക (ആകെ 7,22,000/-) തിരിച്ചടച്ചു. | 9 - 2 | 147 |
| ഗുണഭോക്തൃ സമിതി കൺവീനർ ഹാജരാക്കിയ ബില്ലുകൾ വ്യാജമെന്ന് കണ്ടെത്തിയതിനെത്തു ടർന്ന് 5,87,425/- രൂപ ഈടാക്കി. | 9 - 3 | 147 |
| ടാർ നൽകിയതിൽ കുറവ് - 9.31 ലക്ഷം രൂപ സിഡ്കോയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചു. | 9 - 4 | 147 |
| ഭവന നിർമ്മാണത്തിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ ധനസഹായം പലിശ സഹിതം തിരിച്ചടച്ചു. | 9 - 5 | 148 |
| പ്രവൃത്തി പൂർത്തീകരിച്ചില്ല - കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. | 9 - 6 | 148 |
| കെട്ടിട നിർമ്മാണ പെർമിറ്റ് - അധി ഫീസ് ഈടാക്കാത്തത് മൂലം നഷ്ടം വന്ന 5,71,050/- രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചു. | 9 - 7 | 148 |
| വസ്തു നികുതി നിർണ്ണയത്തിൽ അപാകത - നഷ്ടം വന്ന 10,37,939/- രൂപ ഈടാക്കി. | 9 - 8 | 148 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതുമൂലമുള്ള നഷ്ടം - 9,98,064/- രൂപ ഈടാക്കി | 9 - 9 | 148 |
| ലോൺട്രി യൂണിറ്റ് ആരംഭിച്ചില്ല - പെരിന്തൽമണ്ണ നഗരസഭയിൽ നിന്നും സഹകരണ സംഘത്തിന് നൽകിയ 2 ലക്ഷം രൂപ പലിശ സഹിതം തിരിച്ചടച്ചു. | 9 - 10 | 149 |
| നിർദ്ദിഷ്ട ലൈസൻസ് ഫീ ഈടാക്കിയില്ല - പഞ്ചായത് ഫണ്ടിനുണ്ടായ നഷ്ടം സ്ഥാപനങ്ങൾ പലിശ സഹിതം തിരിച്ചടച്ചു. | 9 - 11 | 149 |
| പരിശീലനം നടന്നില്ല - വ്യാജരേഖയുണ്ടാക്കി പിൻവലിച്ച 3 ലക്ഷം രൂപ തിരിച്ചടച്ചു | 9 - 12 | 149 |
| രജിസ്ട്രേഡ് സൊസൈറ്റിക്ക് വേണ്ടി നിയമ വിരുദ്ധമായി ചെലവഴിച്ച 7.5 ലക്ഷം രൂപ തിരിച്ചടച്ചു. | 9 - 13 | 149 |
| **അനുബന്ധങ്ങൾ** | | 150-186 |

## അദ്ധ്യായം – 1

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ഘടനയും ചുമതലകളും പ്രവർത്തനങ്ങളും

### 1.1 ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

1994 ൽ കേരള നിയമസഭ ആക്ട് 14 ആയി പാസ്സാക്കിയ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 10.1.1996 ലെ ജി.ഒ.(പി)നം. ഉത്തരവ് 77/96 പ്രകാരം 15.1.1996 ൽ നിലവിൽ വന്നു. ജി.ഒ.(പി) 180/96/ഫിൻ.തീയതി: 9.2.1996 പ്രകാരം ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളും പ്രാബല്യത്തിൽ വന്നു.

**കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ പ്രസക്തഭാഗങ്ങൾ**

| | |
|---|---|
| വകുപ്പ് 9 : | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് നാല് മാസത്തിനകം മുൻവർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണം. |
| വകുപ്പ് 10 : | വാർഷിക കണക്കുകൾ ലഭിച്ച് ആറ് മാസത്തിനകം ആ സ്ഥാപനത്തിന്റെ ഓഡിറ്റ് നടത്തണം. |
| വകുപ്പ് 13 : | ഓഡിറ്റ് പൂർത്തിയായി മൂന്നു മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കണം. |
| വകുപ്പ് 15 : | ഓഡിറ്റ് റിപ്പോർട്ടിന് ലഭിക്കുന്ന കുറിപ്പുകളിന്മേൽ രണ്ട് മാസത്തിനുള്ളിൽ പുനരഭിപ്രായക്കുറിപ്പും ചാർജ്/സർചാർജ് ശുപാർശയും നൽകണം. |
| വകുപ്പ് 16 : | ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം ഈടാക്കുന്നതിന് ഉത്തരവാദികളായവർക്കെതിരെ ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്വം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു. |
| വകുപ്പ് 23 : | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഓരോ വർഷവും സെപ്തംബർ 30 ന് മുമ്പ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അത് നിയമസഭയ്ക്ക് സമർപ്പിക്കുകയും വേണം. |

ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ വ്യക്തമായ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. നിയമപരമായ ചുമതകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഓഡിറ്റ് വകുപ്പിൽ ആവശ്യമായ ജീവനക്കാരില്ല.

**14.1.2015 ലെ സ.ഉ.(കൈ) നം.24/2015/ധന.പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ന് പുനർനാമകരണം ചെയ്തു. തദനുസൃതമായ മാറ്റങ്ങൾ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തുന്നതിനുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.**

സ്ഥാപനങ്ങളിൽ നേരിട്ടെത്തിയുള്ള ഓഡിറ്റിലൂടെയും കൺകറന്റ് ഓഡിറ്റിലൂടെയുമാണ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തി വരുന്നത്. കോർപ്പറേഷനുകൾ, പ്രധാന മുനിസിപ്പാലിറ്റികൾ, സർവ്വകലാശാലകൾ, ഹൗസിംഗ് ബോർഡ്, ഏതാനും സാംസ്കാരിക സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ കൺകറന്റ് ഓഡിറ്റാണ് നിലവിലുള്ളത്. മറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റ് 14 ജില്ലാ ഓഫീസുകൾ, പ്രത്യേകം ഓഡിറ്റ് ഓഫീസുകൾ എന്നിവ വഴിയും നിർവ്വഹിക്കപ്പെടുന്നു. ഓഡിറ്റ് ചെയ്യേണ്ട സ്ഥാപനങ്ങളുടെ എണ്ണക്കൂടുതലും അത്തരം സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകളുടെ വൈപുല്യവും കാരണം പരിമിതമായ ജീവനക്കാർ മാത്രമുള്ള ജില്ലാ ഓഫീസുകൾക്കും മറ്റ് ഓഫീസുകൾക്കും നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയാതെ വരുന്ന സാഹചര്യം നിലനിൽക്കുന്നു.

### 1.2. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഘടന

ഡയറക്ടറാണ് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ തലവൻ. ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ ട്രഷറർ കൂടിയാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ. ഡയറക്ടറെ കൂടാതെ 5 ജോയിന്റ് ഡയറക്ടർമാരും, ഒരു സീനിയർ ഡെപ്യൂട്ടി ഡയറക്ടറും, ഒരു ലാ ഓഫീസറും, 4 ഡെപ്യൂട്ടി ഡയറക്ടർമാരും, 17 ഓഡിറ്റ് ഓഫീസർമാരും 55 ഓഡിറ്റർമാരുമാണ് ഡയറക്ടറേറ്റിൽ ഉള്ളത്. 14 ജില്ലാ ഓഫീസുകളും 39 കൺകറന്റ് ഓഡിറ്റ് ഓഫീസുകളും ക്ഷേമനിധികളുടേയും, മലബാർ, കൊച്ചി, ഗുരുവായൂർ, തിരുവിതാംകൂർ ദേവസ്വങ്ങളുടേയും അവയുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടേയും ഓഡിറ്റിനായുള്ള

പ്രത്യേക ഓഫീസുകളും ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ, കൺകറന്റ് ഓഡിറ്റ് നിലവിലുള്ള സ്ഥാപനങ്ങളുടേത് ഒഴികെയുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റിന്റെ ചുമതല. 4 ജില്ല ഓഫീസുകളിൽ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) ജോയിന്റ് ഡയറക്ടർമാർക്കും മറ്റ് ജില്ലകളിലെ ഓഫീസുകളിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാക്കുമാണ്. പുതുതായി നിയമിക്കപ്പെടുന്ന ഓഡിറ്റർമാർക്കായി ട്രെയിനിംഗ് സെന്ററും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

## 1.3 സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റ് ലോക്കൽ ഫണ്ടുകളുടേയും ഓഡിറ്റിനുള്ള അധികാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. കൂടാതെ കാലാകാലങ്ങളിൽ വിവിധ സർക്കാർ ഉത്തരവുകളിലൂടെ ഒട്ടേറെ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല ഈ വകുപ്പിൽ നിക്ഷിപ്തമായിട്ടുണ്ട്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് വകുപ്പ് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നത്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. വിശദമായ പട്ടിക **അനുബന്ധം–1** ൽ നൽകിയിട്ടുണ്ട്.

| സ്ഥാപനം | എണ്ണം |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 967 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 152 |
| ജില്ലാ പഞ്ചായത്തുകൾ | 14 |
| മുനിസിപ്പാലിറ്റികൾ | 65 |
| കോർപ്പറേഷനുകൾ | 6 |
| സർവ്വകലാശാലകൾ | 10 |
| ക്ഷേമനിധി ബോർഡുകൾ | 28 |
| ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും | 3129 |
| സാംസ്കാരിക സ്ഥാപനങ്ങൾ | 61 |
| അനാഥാലയങ്ങളും പൂവർ ഹോമുകളും | 932 |
| ആശുപത്രി വികസന സമിതികൾ | 2450 |
| വികസന അതോറിറ്റികൾ | 7 |
| എസ്.ഐ.ഇ.പി. | 1 |
| എസ്.ഐ.എൽ | 1 |
| കെ.എസ്.എച്ച്.ബി | 1 |
| ലൈബ്രറി കൗൺസിൽ | 78 |
| കെ.എച്ച്.ആർ.ഡബ്ല്യു.എസ് | 3 |
| മറ്റ് സ്ഥാപനങ്ങൾ | 140 |

## 1.4 അക്കൗണ്ടുകളുടെ ഓഡിറ്റ്

2015-16 ൽ ആകെ 3108 സ്ഥാപനങ്ങളുടെ വാർഷിക അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് 2155 ഓഡിറ്റ് റിപ്പോർട്ടുകൾ/ഓഡിറ്റ് നോട്ടുകൾ പുറപ്പെടുവിക്കുകയും 1758 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 31.3.2016 ൽ തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം 29335 ആണ്. ആകെ 2082 എലിജിബിലിറ്റി/യൂട്ടിലൈസേഷൻ/ഓഡിറ്റ് സർട്ടിഫിക്കറ്റുകളാണ് 2015-16 ൽ പുറപ്പെടുവിച്ചിട്ടുള്ളത്. 1642956.71 ലക്ഷം രൂപയുടെ ചെലവുകൾ ഈ കാലയളവിൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. 50661.10626 ലക്ഷം രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുകയും 6228.06543 ലക്ഷം രൂപയുടെ ചെലവുകൾ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞത് കൂടാതെ സ.ഉ (കൈ) നമ്പർ 08/15/ക.യു.വ തീയതി 18.02.2015 പ്രകാരം നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട കണക്കുകളുടെയും ജി.ഒ (എം.എസ്) നമ്പർ 273/15/ഫിൻ തീയതി 04.07.2015 പ്രകാരം കാരുണ്യ ബെനിവലന്റ് ഫണ്ടിന്റെയും ഓഡിറ്റ് നടത്തുകയും യഥാക്രമം 22.05.2015, 25.09.2015 തീയതികളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 1.5 അക്കൗണ്ട് സർട്ടിഫിക്കേഷൻ

2014-15 വർഷം വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ആകെ മുനിസിപ്പാലിറ്റികൾ | വിശേഷണങ്ങൾ ഇല്ലാത്തത് | വിശേഷണത്തോട് കൂടിയത് | നിരാകരണം/ പ്രതികൂലം | സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാത്തവ |
|---|---|---|---|---|
| 60 | 4 | 52 | 2 | 2 |

| ആകെ ഗ്രാമപഞ്ചായത്തുകൾ | വിശേഷണങ്ങൾ ഇല്ലാത്തത് | വിശേഷണത്തോട് കൂടിയത് | നിരാകരണം/ പ്രതികൂലം | സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാത്തവ |
|---|---|---|---|---|
| 978 | 99 | 869 | 9 | 1 |

വാർഷിക കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9-ാം വകുപ്പ് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1.6 ചാരിറ്റബിൾ എൻഡോവ്മെന്റ്

ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ സംസ്ഥാന ട്രഷറർ സംസ്ഥാന ഓഡിറ്റ് ഡയറക്ടറാണ്. ട്രഷററുടെ പേരിൽ ലഭിക്കുന്ന എൻഡോവ്മെന്റ് തുകകൾ ആദ്യം ട്രഷററുടെ പേരിലുള്ള പ്രത്യേക പി.ഡി. അക്കൗണ്ടിൽ സൂക്ഷിക്കുകയും സർക്കാരിൽ നിന്നും വെസ്റ്റിംഗ് ഓർഡർ ലഭിക്കുന്നതനുസരിച്ച് ബാങ്കുകളിൽ സ്ഥിരനിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. ഓരോ വർഷവും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റർമാർ ഗുണഭോക്താക്കളെ കണ്ടെത്തി തുക ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശത്തുകകൾ വിതരണം ചെയ്യുന്നു. ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ ലഭിക്കുന്ന കോർപ്പസ് തുകകളുടേയും പലിശ തുകകളുടെയും സംക്ഷിപ്തം എല്ലാ വർഷവും സെപ്തംബർ 30 നു മുൻപായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു.

31.3.2016 വരെ ട്രഷററുടെ പേരിൽ 1323 എൻഡോവ്മെന്റുകളിലായി ആകെ 12,29,94,217/- രൂപ കോർപ്പസ് തുകയായുണ്ട്.

**ചാരിറ്റബിൾ എൻഡോവ്മെന്റുമായി ബന്ധപ്പെട്ട തുകയുടെ വിശദാംശങ്ങൾ**

| ഇനം | സ്ഥിരനിക്ഷേപത്തുക (രൂപ) | സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ (രൂപ) | വിവിധ ചാരിറ്റബിൾ എൻഡോവ്മെന്റ് അഡ്മിനിസ്ട്രേറ്റർമാർക്ക് അമാൽഗമേറ്റഡ് ഫണ്ടിലേക്ക് കൈമാറിയ തുകകൾ (രൂപ) |
|---|---|---|---|
| ചാരിറ്റബിൾ എൻഡോവ്മെന്റുകൾക്കായുള്ള കോർപ്പസ് ഫണ്ട് | 32394217 | 2848063 | 294416 |
| അമാൽഗമേറ്റഡ് ഫണ്ട് | 90600000 | 8329275 | 9000000 |
| ആകെ | 122994217 | 11177338 | 9294416 |

## 1.7 ചാർജ്/സർചാർജ് നടപടികൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ 20-ാം ചട്ടവും പ്രകാരം വരവിനങ്ങളിൽ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ചാർജ് നടപടിയിലൂടെയും ചെലവിനങ്ങളിലെ നഷ്ടം സർചാർജ് നടപടിയിലൂടെയും ഈടാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (2) പ്രകാരമുള്ള ഫർദർ റിമാർക്സ്, 23 (3) പ്രകാരമുള്ള ഫർദർ റിപ്പോർട്ട് എന്നിവയിൽ പ്രസക്തമായത് പുറപ്പെടുവിക്കുന്നതിനൊപ്പം പരിഹരിക്കപ്പെടാതെ നിൽക്കുന്ന ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാൻ ഡയറക്ടർക്ക് ചാർജ്/സർചാർജ് ശുപാർശ കൂടി നൽകുന്നു.

ചട്ടം 20 (2) പ്രകാരം നഷ്ടോത്തരവാദികൾക്ക് ചാർജ്/സർചാർജ് ശുപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചാർജ്/സർചാർജ് നോട്ടീസ് അയയ്ക്കുന്നു. നോട്ടീസ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി തനിക്കെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം ലോക്കൽ അതോറിറ്റിയിൽ അടച്ച വിവരമോ സ്വീകാര്യമായ വിശദീകരണമോ ഡയറക്ടർക്കു നൽകാത്തപക്ഷം ആ വ്യക്തിക്കെതിരെ ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു.

2015-16 ൽ 4.49 കോടി രൂപയുടെ നഷ്ടത്തിന് 571 സർചാർജ് നോട്ടീസുകളും 41.37 ലക്ഷം രൂപയുടെ നഷ്ടത്തിന് 94 ചാർജ് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ 8525373/- രൂപയുടെ നഷ്ടത്തിന് 27 ചാർജ് സർട്ടിഫിക്കറ്റുകളും 8766928/- രൂപയുടെ നഷ്ടത്തിന് 87 സർചാർജ് സർട്ടിഫിക്കറ്റുകളും പുറപ്പെടുവിക്കുകയുണ്ടായി.

| വർഷം | ചാർജ് നോട്ടീസുകൾ | | സർചാർജ് നോട്ടീസുകൾ | | ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | ചാർജ് തുക | സർചാർജ് തുക |
| 2015-16 | 94 | 4136859 | 571 | 44943148 | 600253 | 1404523 |

| വർഷം | ചാർജ് സർട്ടിഫിക്കറ്റുകൾ | | സർചാർജ് സർട്ടിഫിക്കറ്റുകൾ | |
|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക |
| 2015-16 | 27 | 8525373 | 87 | 8766928 |

## 1.8. ഓഡിറ്റ് ചാർജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 19-ാം വകുപ്പ്, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 24(1) എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ അവയുടെ വരുമാനത്തിന്റെ 0.5% ഓഡിറ്റ് ചാർജ്ജായി ഒടുക്കേണ്ടതുണ്ട്. സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന അനാഥാലയങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, ജില്ല/താലൂക്ക് ലൈബ്രറി കൗൺസിലുകൾ, മിലിട്ടറി ബെനവലന്റ് ഫണ്ട്, കേരള പോലീസ് വെൽഫെയർ & അമിനിറ്റി ഫണ്ട് എന്നിവയെ സർക്കാർ വിവിധ ഉത്തരവുകളിലൂടെ ഓഡിറ്റ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 28.08.2009 ലെ ജി.ഒ.(പി) നം.368/09/ധന. ഉത്തരവ് പ്രകാരം ഓഡിറ്റ് ചാർജ് ഒരു ശതമാനമായി ഉയർത്തി. (2009-10 മുതൽ പ്രാബല്യം). 10.5.2012 ലെ സ.ഉ.(അച്ചടി)നം.124/2012/തസ്വഭവ. പ്രകാരം ഓഡിറ്റ് ചാർജ് (കുടിശ്ശിക ഉൾപ്പെടെ) നൽകുന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഇതുമൂലം ഓഡിറ്റ് ചാർജിനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ആകെ 63157859/-രൂപ ഓഡിറ്റ് ചാർജായി ലഭിച്ചിട്ടുണ്ട്.

## 1.9 ഓഡിറ്റ് പുരോഗതി

കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, നഗരസഭകൾ, ദേവസ്വം ബോർഡുകൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ 2015-16 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്യുകയുണ്ടായി. 1900828 .11944 ലക്ഷം രൂപയുടെ വരവ് കണക്കുകളും 1642956.71 ലക്ഷം രൂപയുടെ ചെലവുകണക്കുകളും ഓഡിറ്റിന് വിധേയമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | ആകെ വരവ് (ലക്ഷത്തിൽ) | ആകെ ചെലവ് (ലക്ഷത്തിൽ) | ചെലവ് നഷ്ടം/ നിരാകരിച്ച തുക (ലക്ഷത്തിൽ) | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 752 | 947 | 966527.30515 | 839989.70457 | 2064.73269 | 21403.4789 |
| ബ്ലോക്ക് പഞ്ചായത്ത് | 104 | 135 | 195305.83041 | 173748.4656 | 277. 06608 | 4511.23278 |
| ജില്ലാ പഞ്ചായത്ത് | 13 | 22 | 132131.994 | 110403.896 | 1670. 128 | 9462.147 |
| മുനിസിപ്പാലിറ്റി | 58 | 99 | 159386.34148 | 138001.57277 | 1057.17434 | 5518.73758 |
| കോർപ്പറേഷൻ | 5 | 15 | 87554.1233 | 54763.3951 | 554. 2535 | 2358.3945 |
| സർവ്വകലാശാല | 10 | 23 | 199836.7907 | 180128.547 | 77. 36879 | 4556.2872 |
| മറ്റ് സ്ഥാപനങ്ങൾ | 2166 | 914 | 160085.73 | 145920.63 | 527.34 | 2850.83 |
| **ആകെ** | **3108** | **2155** | **1900828.11944** | **1642956.71** | **6228.06543** | **50661.10626** |

## അദ്ധ്യായം – 2

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പന്ത്രണ്ടാം പദ്ധതിയും

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണം ലോകമാകെ അംഗീകരിച്ചിട്ടുള്ളതും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയുമാണ്. ശക്തമായ അടിത്തറയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ നേട്ടമാണ്. തദ്ദേശ ഭരണ സംവിധാനത്തെ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളും ആസൂത്രണ പ്രക്രിയയും ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികളാണ് 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

12-ാം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ കൂടുതൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അതനുസരിച്ച് പദ്ധതി മാർഗ്ഗരേഖയിലും മാറ്റങ്ങൾ വരുത്തി. ജില്ല ആസൂത്രണസമിതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓരോ പ്രോജക്ടും വെവ്വേറെ അംഗീകരിക്കുന്നതിനു പകരം വാർഷിക പദ്ധതി രേഖ മാത്രം അംഗീകരിച്ചാൽ മതിയാകും. സാങ്കേതിക ഉപദേശക സമിതി സംവിധാനം ഉപേക്ഷിച്ചതും, പദ്ധതി രൂപീകരണം, വിലയിരുത്തൽ, അംഗീകാരം, മോണിട്ടറിംഗ് എന്നിവയ്ക്ക് സുലേഖ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയതും പ്രത്യേക ഗ്രാമസഭകൾ, അയൽ സഭകൾ, സേവാഗ്രാം-ഗ്രാമകേന്ദ്രങ്ങൾ എന്നിവയുടെ രൂപീകരണവും 12-ാം പദ്ധതി കാലയളവിലെ പ്രധാന മാറ്റങ്ങളാണ്.

12-ാം പദ്ധതിയുടെ അവസാന ഘട്ടത്തിലും ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നടത്തിപ്പ് തൃപ്തികരമല്ല. പദ്ധതികളുടെ ബാഹുല്യവും ഗുണനിലവാരമില്ലായ്മയുമാണ് പ്രധാന കാരണം.

2014-15 വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾ 11,917.28 കോടി രൂപ വകയിരുത്തി 223533 പ്രോജക്ടുകൾ രൂപവൽക്കരിച്ചുവെങ്കിലും 4931.49 കോടി ചെലവിൽ 134935 പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| തദ്ദേശസ്വയം ഭരണ സ്ഥാപനം | പദ്ധതികളുടെ എണ്ണം | | | തുക (കോടി രൂപയിൽ) | | | ആകെ വകയിരുത്തലിൽ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| | രൂപം നൽകിയത് | നടപ്പാക്കിയത് | പൂർത്തീകരിച്ചത് | വകയിരുത്തൽ | നടപ്പാക്കിയ പദ്ധതികളുടെ ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ചെലവ് | |
| ഗ്രാമപഞ്ചായത്ത് | 175509 | 126584 | 108965 | 6445.59 | 3535.91 | 2927.89 | 54.86 |
| ബ്ലോക്ക് പഞ്ചായത്ത് | 12266 | 9827 | 8160 | 1723.92 | 700.34 | 603.37 | 40.62 |
| ജില്ലാ പഞ്ചായത്ത് | 12850 | 7418 | 5283 | 1742.16 | 910.43 | 710.03 | 52.26 |
| നഗരസഭ | 16839 | 12455 | 9660 | 1189.60 | 585.97 | 432.41 | 49.26 |
| മുനി. കോർപ്പറേഷൻ | 6089 | 3923 | 2867 | 816.01 | 402.22 | 257.79 | 49.29 |
| **ആകെ** | **223553** | **160207** | **134935** | **11917.28** | **6134.87** | **4931.49** | **51.48** |

*അവലംബം : ഐ.കെ.എം. ഡാറ്റ*

2014-15 ൽ രേഖപ്പെടുത്തിയ ആകെ ചെലവ് 51.48% ആയിരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് (ശതമാനത്തിൽ) താഴെ കൊടുക്കുന്നു.




അവലംബം: സാമ്പത്തിക അവലോകനം 2015
കേരള സംസ്ഥാന ആസൂത്രണ ബോർഡ്

2014-15 വർഷത്തിൽ വിവിധ വികസന മേഖലകൾക്ക് നൽകാനുള്ള വിഹിതമായി മുൻവർഷ നീക്കിയിരുപ്പുൾപ്പെടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ മൊത്തം ഫണ്ട് 5914.80 കോടി രൂപയായിരുന്നു. എന്നാൽ ഇതിൽ 4033.94 കോടി രൂപ മാത്രമാണ് (68.20 %) വിവിധ മേഖലകൾക്കുവേണ്ടി ചെലവഴിച്ചത്. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവാണ്. 2013-14 ൽ ഇത് 77.47 %വും, 2012-13 70.84 % ഉം ആയിരുന്നു.




അവലംബം: സാമ്പത്തിക അവലോകനം 2015
കേരള സംസ്ഥാന ആസൂത്രണ ബോർഡ്

ആകെ 5914.80 കോടി രൂപ വകയിരുത്തിയതിൽ പൊതു വിഭാഗത്തിന് 76%വും, എസ്.സി.പി, ടി.എസ്.പി. വിഭാഗങ്ങൾക്ക് യഥാക്രമം 21% വും, 3% വും ആണ് വകയിരുത്തിയത്. 2013-14 വർഷം പൊതു വിഭാഗം, എസ്.സി.പി, ടി.എസ്.പി. എന്നിവയിലെ ചെലവ് യഥാക്രമം 79%, 74%, 75% എന്നിങ്ങനെയായിരുന്നുവെങ്കിൽ 2014-15 ൽ ഇത് യഥാക്രമം 69.28%, 64.72%, 65.58% ആണ്. എസ്.സി.പി, ടി.എസ്.പി. വിഭാഗങ്ങളിലെ പദ്ധതി തുകയുടെ വിനിയോഗ കുറവ് ബ്ലോക്ക് പഞ്ചായത്ത് ഒഴികെ മറ്റെല്ലാ തലങ്ങളിലും പ്രകടമാണ്.




അവലംബം: സാമ്പത്തിക അവലോകനം 2015
കേരള സംസ്ഥാന ആസൂത്രണ ബോർഡ്

ഉൽപ്പാദന, സേവന, പശ്ചാത്തല, വികസന മേഖലകളിൽ 2014-15 ൽ യഥാക്രമം 9%, 53%, 38% എന്നിങ്ങനെയാണ് വകയിരുത്തിയത്. 2013-14 ൽ ഇത് യഥാക്രമം 9%, 54%, 37% എന്നിങ്ങനെയായിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള ചെലവിന്റെ ശതമാനം താഴെകൊടുക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ മേഖല തിരിച്ചുള്ള ചെലവിന്റെ വിവരം**

| തദ്ദേശ ഭരണ സ്ഥാപനങ്ങൾ | 2013-14 | | | 2014-15 | | |
|---|---|---|---|---|---|---|
| | ഉൽപ്പാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല | ഉൽപ്പാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല |
| ഗ്രാമപഞ്ചായത്ത് | 9.16 | 56.48 | 34.36 | 10.07 | 59.05 | 30.88 |
| ബ്ലോക്ക് പഞ്ചായത്ത് | 7.93 | 59.58 | 32.48 | 7.91 | 60.07 | 32.88 |
| ജില്ലാ പഞ്ചായത്ത് | 9.45 | 60.36 | 30.19 | 9.55 | 57.78 | 32.67 |
| മുനിസിപ്പാലിറ്റികൾ | 4.96 | 51.45 | 43.58 | 5.13 | 53.84 | 41.03 |
| കോർപ്പറേഷൻ | 4.33 | 49.84 | 45.83 | 4.03 | 48.21 | 47.76 |

*അവലംബം: സാമ്പത്തിക അവലോകനം 2015*

2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഉൽപ്പാദന, പശ്ചാത്തല, സേവന മേഖലകളിലെ വികസനത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

*(തുക കോടിയിൽ)*

| മേഖല | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | Total |
|---|---|---|---|---|---|---|
| ഉൽപ്പാദന മേഖല | 447.69 | 595.77 | 355.82 | 459.24 | 493.10 | 2351.62 |
| പശ്ചാത്തല മേഖല | 936.05 | 1343.41 | 1528.58 | 2684.02 | 2619.76 | 9111.82 |
| സേവന മേഖല | 2139.26 | 2306.59 | 2182.48 | 2945.85 | 3022.01 | 12596.19 |
| ആകെ വികസന ഫണ്ട് ചെലവ് | 3523.00 | 4245.77 | 4066.88 | 6089.11 | 6134.81 | 24059.63 |
| മറ്റ് ചെലവുകൾ | 1798.26 | 2618.88 | 2638.35 | 2062.85 | 1227.98 | 10346.32 |
| **ആകെ** | **5321.26** | **6864.65** | **6705.23** | **8151.86** | **7362.85** | **34405.95** |
| ആകെ പദ്ധതി ചെലവിൽ വികസന പദ്ധതികളുടെ ചെലവിന്റെ ശതമാനം | 6621 | 61.85 | 60.65 | 74.70 | 83.82 | 69.93 |

*അവലംബം: ഐ.കെ.എം. ഡാറ്റ*

2014-15 വർഷം ഉൽപ്പാദന മേഖലയിൽ നേരിയ പുരോഗതിയുണ്ടെങ്കിലും കഴിഞ്ഞ രണ്ടുവർഷങ്ങളിലും സേവന പശ്ചാത്തല മേഖലകളെ അപേക്ഷിച്ച് ചെലവ് ശതമാനം കുറവാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചെലവിന്റെ ശതമാനം തുലോം കുറവാണ്.

സേവന മേഖലയിലാണ് ഏറ്റവും അധികം തുക ചെലവഴിച്ചിട്ടുള്ളതെന്നും ഉൽപ്പാദന മേഖലയെ ആണ് ഏറ്റവും അവഗണിച്ചിട്ടുള്ളതെന്നും കണക്കുകൾ വ്യക്തമാക്കുന്നു. ഉൽപ്പാദന മേഖലയിലെ പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകണമെന്ന് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

കേരളത്തിലെ 1200 ൽ അധികം വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും തയ്യാറാക്കുന്ന പദ്ധതികൾ ചേർന്നതാണ് സംസ്ഥാന പദ്ധതി. അതുകൊണ്ട് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമത കൂടി അനുസരിച്ചായിരിക്കും സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാകുക. പ്രാദേശിക വികസനം സാദ്ധ്യമാക്കാൻ ഉതകുന്ന ഫലപ്രദമായ പദ്ധതികൾ ദീർഘവീക്ഷണത്തോടെ തയ്യാറാക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും വേണം.

പദ്ധതി ആസൂത്രണവും നിർവ്വഹണവും മെച്ചമാക്കാൻ ഉരുത്തിരിഞ്ഞിട്ടുള്ള ഏതാനും നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ കാലാനുസൃതമായി പരിഷ്ക്കരിക്കുകയും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുകയും വേണം.
2. വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമസഭകളും ശാക്തീകരിക്കണം.
3. നിലവിൽ പ്രോജക്ടുകളുടെ നിർവ്വഹണം ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലാണ്. ഇതേ സമയം തന്നെയാണ് പദ്ധതി രൂപവൽക്കരണ പ്രവർത്തനങ്ങളും നടക്കുന്നത്. ഈ അവ സ്ഥയ്ക്ക് മാറ്റമുണ്ടാകണം.
4. പ്രോജക്ടുകളുടെ ബാഹുല്യംമൂലം ആസൂത്രണം, അംഗീകാരം, നടത്തിപ്പ് ഇവ വൈകുന്നു.
   പല പ്രോജക്ടുകളും പൂർത്തിയാക്കാൻ കഴിയുന്നില്ല. ആയതിനാൽ പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവ് വരുത്തണം.
5. വാർഷിക പദ്ധതി തദ്ദേശ ഭരണ സ്ഥാപനത്തിലെ വാർഡ് അനുസരിച്ച് വീതം വയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണം.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതത് പ്രദേശങ്ങളുടേയും അവിടുത്തെ ജനതയുടേയും സമഗ്രവികസനവും പുരോഗതിയും ലക്ഷ്യമാക്കി വേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ പങ്കാളിത്തം ആസൂത്രണത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിലുള്ള ഫണ്ട് വീതം വയ്ക്കൽ ശരിയായ ആസൂത്രണമല്ല. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്രവികസന കാഴ്ചപ്പാടിലധി ഷ്ഠിതമായ ആസൂത്രണമാണ് വേണ്ടത്. വിവിധ കേന്ദ്ര, സംസ്ഥാനാവിഷ്ക്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

അദ്ധ്യായം – 3

# പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്



## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇതുവരെ എത്തപ്പെട്ടിട്ടില്ലാത്ത വിഭാഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരാണ്. സർക്കാരിന്റെ വിവിധതലങ്ങളിലെ ഇടപെടലുകളിലൂടെ ഗണ്യമായ മാറ്റങ്ങൾ ഈ ജനവിഭാഗങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെങ്കിലും, ഒട്ടേറെ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായുണ്ട്. പ്രത്യേകഘടകപദ്ധതി (എസ്.സി.പി) പട്ടികവർഗ്ഗപദ്ധതി (ടി.എസ്.പി) എന്നിവയിലൂടെ വർദ്ധിച്ച തോതിലുള്ള തുകകൾ ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നീക്കിവെക്കുന്നുണ്ടെങ്കിലും പ്രസ്തുത വിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതിയും സാമൂഹ്യശാക്തീകരണവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളേറെയും ലക്ഷ്യം കൈവരിക്കുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **വിഷയവിവരം** | | |
| **ആമുഖം** | 3.1. | |
| പട്ടികജാതി/പട്ടികവർഗ്ഗ വികസന മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ | 3.2 | |
| ഓഡിറ്റ് അധികാരം | 3.3 | |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 3.4 | |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 3.5 | |
| ഓഡിറ്റ് കണ്ടെത്തലുകൾ | 3.6 | |
| എസ്.സി/എസ്.ടി വാസമേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല | 3.6.1 | |
| അടിസ്ഥാന സൗകര്യ വികസനം | 3.6.2 | |
| പദ്ധതി നിർവ്വഹണ ധനവിനിയോഗ കാര്യക്ഷമത | 3.7 | |
| ഭൂമി വാങ്ങൽ, ഭവനനിർമ്മാണം | 3.7.1 | |
| ഫ്ളാറ്റ് നിർമ്മാണം | 3.7.2 | |
| ഭവന പുനരുദ്ധാരണം | 3.7.3 | |
| ശുചിമുറി നിർമ്മാണം | 3.7.4 | |
| പട്ടികവർഗ്ഗക്കാർ ഉണ്ടായിട്ടും ഗ്രാമപഞ്ചായത്തിന് ടി.എസ്.പി. ഫണ്ട് ലഭിക്കുന്നില്ല | 3.7.5 | |
| കൃഷി, മൃഗ സംരക്ഷണം | 3.7.6 | |
| മറ്റുള്ളവ | 3.7.7 | |
| പരമ്പരാഗത കുലത്തൊഴിൽ മേഖലകൾ | 3.7.8 | |
| വിദ്യാഭ്യാസം | 3.7.9 | |
| ആരോഗ്യം | 3.7.10 | |
| എസ്.സി/എസ്.ടി. മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം ഊർജ്ജിതമല്ല | 3.7.11 | |
| ഗ്രാമപഞ്ചായത്ത് ഊരുകൂട്ടങ്ങളുടെ നിർദ്ദേശം അവഗണിക്കുന്നു | 3.7.12 | |
| പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | 3.7.13 | |
| ശുപാർശകൾ | 3.7.14 | |

## 3.1. ആമുഖം

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇതുവരെ എത്തപ്പെട്ടിട്ടില്ലാത്ത വിഭാഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരാണ്. സർക്കാരിന്റെ വിവിധതലങ്ങളിലെ ഇടപെടലുകളിലൂടെ ഗണ്യമായ മാറ്റങ്ങൾ ഈ ജനവിഭാഗങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെങ്കിലും, ഒട്ടേറെ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായുണ്ട്. പ്രത്യേകഘടകപദ്ധതി (എസ്.സി.പി) പട്ടികവർഗ്ഗ പദ്ധതി (ടി.എസ്.പി) എന്നിവയിലൂടെ വർദ്ധിച്ച തോതിലുള്ള തുകകൾ ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നീക്കിവെക്കുന്നുണ്ടെങ്കിലും പ്രസ്തുത വിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതിയും സാമൂഹ്യശാക്തീകരണവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളേറെയും ലക്ഷ്യം കൈവരിക്കുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപരവും, സാമ്പത്തികവുമായ ഉന്നമനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുക, സാമൂഹ്യ അനീതികൾ, മറ്റ് ചൂഷണങ്ങൾ എന്നിവയിൽ നിന്നും സംരക്ഷിക്കുക എന്നീ ഉത്തരവാദിത്വങ്ങൾ ഭരണകൂടങ്ങൾക്ക് ഉണ്ട്.. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം മുൻനിർത്തിയുള്ള പദ്ധതികളുടെ സമീപനത്തിൽ ഘടനാപരമായ മാറ്റമാണ് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ലക്ഷ്യമിടുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളിൽ വേണ്ടത്ര നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പഠനവിധേയമാക്കിയ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളിലേയും കണക്കുകൾ വ്യക്തമാക്കുന്നു. സാമ്പത്തിക സാമൂഹിക ഉന്നമനത്തിനുള്ള പദ്ധതികൾ ശരിയായ രീതിയിൽ ആവിഷ്ക്കരിക്കുന്നതിന് പ്രസ്തുത ജനവിഭാഗങ്ങളുടെ അടിസ്ഥാന സ്ഥിതിവിവര കണക്കുകൾ അത്യാവശ്യമാണ്. പ്രസ്തുത വിവരങ്ങളുടെ അഭാവം ഈ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. സാമ്പത്തിക വികസനം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച പല പദ്ധതികളും ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആവിഷ്ക്കരിക്കപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലെയും വീഴ്ചയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗുണഭോക്തൃ വിഹിതം ഇളവു ചെയ്യുന്നതിന് സർക്കാരിന്റെ ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്. ഇവരുടെ ആരോഗ്യ/വിദ്യാഭ്യാസ/തൊഴിൽ മേഖലകളിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ശുഷ്ക്കമാണ്. എസ്.സി./എസ്.ടി.വിഭാഗങ്ങളുടെ വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുവാനോ, ബോധവത്ക്കരണം നടത്താനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. തങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങളെപ്പറ്റിയുള്ള ഇവരുടെ അറിവില്ലായ്മ മറ്റൊരു പ്രശ്നമാണ്. മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസസഹായം ഫർണീച്ചർ വിതരണത്തിൽ മാത്രം ഒതുങ്ങിപ്പോയിട്ടുണ്ട്. എസ്.സി./എസ്.ടി.വിഭാഗങ്ങൾക്കുള്ള നഴ്സറി സ്കൂളുകൾ, പ്രീമെട്രിക്ക് ഹോസ്റ്റലുകൾ എന്നിവ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുറവാണ്.

പട്ടികജാതി/പട്ടികവർഗ മേഖലകളിൽ കൃഷി, കൈത്തൊഴിൽ, കുടിൽവ്യവസായങ്ങൾ എന്നിവ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വളരെ പിന്നിലാണ്. ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ നടപ്പാക്കുന്നതിലും വളരെ പിന്നോക്കമാണ്.

യുവജനവികസന കാര്യങ്ങൾക്കായി ഉന്നതവിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ നേടൽ എന്നിവയ്ക്കുള്ള സഹായമായി എസ്.സി.പി.ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാത്ത തുക വകയിരുത്തണമെന്നു 12-ാം പദ്ധതി മാർഗരേഖ നിഷ്ക്കർഷിക്കുന്നുണ്ടെങ്കിലും ഇവ നടപ്പിലാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിരളമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരത്തിലും, സാമൂഹികാവസ്ഥയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളാണ് ഈ പ്രവർത്തനക്ഷമതാ റിപ്പോർട്ടിൽ പഠനവിധേയമാക്കിയിട്ടുള്ളത്.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യത്തെ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി (2012-13, 2013-14, 2014-15) പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ നടന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും റിപ്പോർട്ട് പ്രതിപാദിക്കുന്നത്.

പഠനവിധേയമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം **അനുബന്ധം-2** ആയി ചേർക്കുന്നു.

## 3.2. പട്ടികജാതി/പട്ടികവർഗ്ഗ വികസനമേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

### 1. ഗ്രാമപഞ്ചായത്തുകൾ

1. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രോത്സാഹിപ്പിക്കുക (പൊതുവായ ചുമതല)
2. എസ്.സി.പി- ടി.എസ്.പി. ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.
3. പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.
4. പട്ടികജാതി/പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
6. പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക

   (2 മുതൽ 6 വരെയുള്ളവ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ)

### II. ബ്ലോക്കു പഞ്ചായത്തുകൾ

1. പ്രീ- മെട്രിക് ഹോസ്റ്റലുകൾ നടത്തുക
2. പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നടത്തുക (മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ)

### III. ജില്ലാപഞ്ചായത്ത്

1. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നടത്തുക
2. പട്ടികജാതി- പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം (മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ)

### IV. മുനിസിപ്പാലിറ്റി

1. ദുർബലവിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രചരിപ്പിക്കുക (പൊതുവായ ചുമതല)
2. പ്രത്യേക ഘടകപദ്ധതി (എസ്.സി.പി), ഗോത്രവർഗ്ഗ പദ്ധതി (ടി.എസ്.പി) എന്നിവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി പദ്ധതികൾ നടപ്പാക്കുക.
3. പട്ടികജാതി- പട്ടികവർഗ്ഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക.
4. പട്ടികജാതി- പട്ടികവർഗ്ഗവാസ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക
5. പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
6. സഹായം അർഹിക്കുന്ന എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് വിവേചനപൂർവ്വം സഹായം നൽകുക.
7. മുനിസിപ്പൽ ദേശത്ത് പ്രീ- മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
8. പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക
9. മുനിസിപ്പൽ പ്രദേശത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക
10. മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങൾ നടത്തുക.

## 3.3. ഓഡിറ്റ് അധികാരം

1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-19 പ്രകാരം, ഓഡിറ്റിന്റെ രീതി തീരുമാനിക്കാനുള്ള അധികാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അധികാരം ഇനിപ്പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനാണ്.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്-215(3)- ാം വകുപ്പ്
2. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്-295(3)-ാം വകുപ്പ്
3. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്
4. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ
5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ
6. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ.

## 3.4. ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 (1)-ാം വകുപ്പ്, 3-ാം പട്ടിക, 172 (1)-ാം വകുപ്പ് 4-ാം പട്ടിക 173 (1)-ാം വകുപ്പ് 5-ാം പട്ടിക എന്നിവ പ്രകാരം ത്രിതലപഞ്ചായത്തുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിക്ഷിപ്തമായ ചുമതലകൾ.
2. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30 (1)-ാം വകുപ്പ് 1-ാം പട്ടികപ്രകാരം മുനിസിപ്പാലിറ്റിയിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നിക്ഷിപ്തമായ ചുമതലകൾ.
3. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ(എം.എസ്.225/2012 തസ്വഭവ 18.08.2012]
4. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) 248/2012/ത.സ്വ.ഭ.വ, തീയതി 29.09.2012 ]
5. പദ്ധതി ആസൂത്രണം, സബ്സിഡി, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ചുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ [സ.ഉ.(എം.എസ്) 362/2013/ത.സ്വ.ഭ.വ, തീയതി 16.11.2013 ]
6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗ മാർഗ്ഗരേഖ [ജി.ഒ.(പി ) 177/2006/ഫിൻ, തീയതി 12.04.2006 ]
7. പട്ടികജാതി /പട്ടികവർഗ്ഗ പദ്ധതികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും മറ്റു വകുപ്പുകളും ഇറക്കിയ ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയ.
8. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റ് സന്നദ്ധസംഘടനകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ.

## 3.5. ഓഡിറ്റ് ലക്ഷ്യങ്ങൾ

1. പട്ടികജാതി/പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യമേർപ്പെടുത്തുക എന്ന ചുമതല നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നേട്ടങ്ങളും കോട്ടങ്ങളും തിട്ടപ്പെടുത്തുക.
2. എസ്.സി.പി/റ്റി.എസ്.പി എന്നിവകളിലെ ധനവിനിയോഗ കാര്യക്ഷമത.

## 3.6. ഓഡിറ്റ് കണ്ടെത്തലുകൾ

# 3.6.1. എസ്.സി/എസ്.ടി. വാസമേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ പര്യാപ്തമല്ല

### അടിസ്ഥാനവിവരങ്ങൾ അപൂർണ്ണമായതിനാൽ പദ്ധതി ആവിഷ്ക്കരണം ഫലവത്താകുന്നില്ല

26.07.2010 ലെ ജി.ഒ (ആർ.ടി ) 2435/10/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാം തന്നെ എസ്.സി/എസ്.ടി. വകുപ്പ്, കില എന്നിവയുമായി ചേർന്ന് സംയുക്തമായി അടിസ്ഥാനവിവരശേഖരണം നടത്തിയിരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുപ്രകാരം വിവരശേഖരണം നടത്തി തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് 2012 ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ പകർപ്പ് സൂക്ഷിക്കുകയോ, വിവരങ്ങൾ കാലികമാക്കുകയോ ചെയ്തിട്ടുള്ള പഞ്ചായത്തുകൾ വിരളമാണെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഓരോ വർഷവും പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബാങ്ക് തയ്യാറാക്കി സൂക്ഷിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്താനും, ആനുകൂല്യവിതരണത്തിലെ ആവർത്തനം ഒഴിവാക്കാനും ഡാറ്റാബാങ്ക് സഹായകമാണ്. ആനുകൂല്യങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്ന കുടുംബങ്ങളുടെ വിവരവും ഇതിലൂടെ ഉറപ്പാക്കാം.

**ശരിയായ വിവരശേഖരണത്തിന്റെ അഭാവത്തിൽ പ്രാവർത്തികമാക്കാൻ കഴിയാതെപോയ ഏതാനും പദ്ധതികളുടെ വിവരം ഇനിപ്പറയുന്നു.**

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് 2014-15 ൽ ആവിഷ്ക്കരിച്ച എസ്.സി.വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായവും സ്കോളർഷിപ്പും, എസ്.ടി. വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്ക് യഥാക്രമം 2,75,000/-രൂപയും, 2,90,000/-രൂപയും വകയിരുത്തിയിരുന്നുവെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞില്ല. പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കാണ് മേൽ ആനുകൂല്യത്തിനർഹത. അത്തരം വിദ്യാർത്ഥികൾ ഉണ്ടോ എന്നുറപ്പാക്കാതെ പദ്ധതി ആവിഷ്ക്കരിച്ചതിനാലാണ് പ്രാവർത്തികമാക്കാൻ കഴിയാതെ പോയത്.

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭ 2013-14 ൽ ആസൂത്രണം ചെയ്ത പദ്ധതിയാണ് പട്ടികജാതിക്കാരായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യൽ. ആസൂത്രണഘട്ടത്തിൽ 4,10,000/-രൂപ അടങ്കലിൽ 82 വിദ്യാർത്ഥികളെയാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ നഗരസഭാ പ്രദേശത്തെ പട്ടികജാതി വിഭാഗത്തിന്റെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയോ, കാലാനുസൃതമായി പരിഷ്ക്കരിക്കുകയോ ചെയ്യാതിരുന്നതിനാൽ പദ്ധതി പരാജയമായി. പദ്ധതി നടപ്പാക്കിയ ഘട്ടത്തിൽ, ആസൂത്രണം ചെയ്ത അളവിൽ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ 43 വിദ്യാർത്ഥികൾക്കായി പദ്ധതി പരിമിതപ്പെടുത്തി.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ഭൂരിഭാഗവും തോട്ടം തൊഴിലാളികളാണ്. തേയിലക്കമ്പനികളുടെ ലായങ്ങളിലാണ് ഇവരിൽ ഭൂരിപക്ഷവും വസിക്കുന്നത്. എസ്.സി.പി. ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഉൽപ്പാദനമേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതി ശീതകാല പച്ചക്കറിവിത്തും, ജൈവവളവിതരണവും ആണ്. 2012-13 ൽ 13.3 ലക്ഷം രൂപ, 2013-14 ൽ 26 ലക്ഷം, 2014-15 ൽ 18.9 ലക്ഷം രൂപ എന്നിങ്ങനെയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചിരിക്കുന്നത്. ഇത്തരത്തിൽ വൻതുകകൾ ചെലവഴിച്ച് മേൽ പദ്ധതി നടപ്പാക്കാൻ കഴിയുന്നതരത്തിൽ ഗ്രാമപഞ്ചായത്തിൽ കൃഷിഭൂമി ഇല്ല. തോട്ടം തൊഴിലാളികളെയാണ് മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ലായങ്ങൾക്ക് സമീപം നാമമാത്രമായ ഭൂമി മാത്രമാണുള്ളത്.

## 3.6.2. അടിസ്ഥാനസൗകര്യ വികസനം

സ്വന്തമായി ഭവനം, കൂടാതെ കുടിവെള്ളം, ശൗചാലയം, വൈദ്യുതി, പ്രാഥമികാരോഗ്യകേന്ദ്രം, 10 സെന്റിൽ കൂടുതൽ കൃഷിഭൂമി, റോഡ്, കളിസ്ഥലം, ഡ്രെയിനേജ് സംവിധാനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാമുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികളോ, സങ്കേതങ്ങളോ ഇല്ല എന്ന് ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കാലാകാലങ്ങളായി പട്ടികജാതി/പട്ടികവർഗ്ഗ അധിവാസമേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അവയൊന്നും പൂർണ്ണമായ വിജയം കൈവരിച്ചിട്ടില്ല.

**തിരുവനന്തപുരം ജില്ല**

ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ മൂന്നു പട്ടികവർഗ്ഗ കോളനികളിൽ ഒന്നിൽ പോലും റോഡു സൗകര്യമോ, കളിസ്ഥലമോ, ചികിത്സാ സംവിധാനങ്ങളോ ഇല്ല. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗകോളനികളിലേക്കുള്ള റോഡുകൾ പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിലുകളിൽ കഴിയുന്ന പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. പട്ടികജാതി കോളനികളിൽ ഇടറോഡു സൗകര്യം കുറവാണ്. പൂങ്കുളം, കൊടിതൂക്കി കോളനികളിൽ ഇടറോഡില്ല. വെങ്ങാനൂർ കുഴിയൻവിള കോളനികളിലെ ഇടവഴികൾ പരിതാപകരമായ നിലയിലാണ്. നഗരസഭയിലെ പട്ടികജാതി കോളനികളിൽ ഒന്നിലും കളിസ്ഥലമോ, ലൈബ്രറി സൗകര്യമോ, ഖരമാലിന്യ നിർമ്മാർജ്ജന സൗകര്യമോ ഇല്ല.





**ഡ്രെയിനേജ് സൗകര്യമില്ല ; തിരുവനന്തപുരം നഗരസഭയിലെ എസ്.സി.കോളനികളിലെ ജീവിതം ദുസ്സഹം**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി.കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ല. പൊട്ടിപ്പൊളിഞ്ഞ ഓടകളും, അഴുക്കുചാലുകളും ഈ കോളനികളെ മലീമസമാക്കുന്നു. മുറിഞ്ഞപാലം തോടിനു സമീപത്തുള്ള എസ്.സി. കുടുംബങ്ങൾ, കരിമഠം-ചെങ്കൽച്ചൂള-കണ്ണമ്മൂല ബണ്ട് കോളനികളിലെ ഭവനസമുച്ചയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ ടാങ്കുകൾ മഴക്കാലത്ത് നിറഞ്ഞൊഴുകുന്നത് പതിവാണ്. പട്ടികജാതി കുടുംബങ്ങൾ ഇടതിങ്ങി വസിക്കുന്ന പ്രദേശങ്ങളിൽ മാലിന്യ ടാങ്കുകൾക്കുപകരം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുവാനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പാക്കണം.







**പത്തനംതിട്ട ജില്ല**

ജില്ലയിലെ ആറൻമുള ഗ്രാമപഞ്ചായത്തിൽ 48 കോളനികളിലായി 1,694 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ഇവയിൽ 1401 കുടുംബങ്ങൾക്കും ഓടുമേഞ്ഞതോ കോൺക്രീറ്റ് ചെയ്തതോ ആയ ഭവനങ്ങളില്ല. 426 കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യവും, 705 കുടുംബങ്ങൾക്ക് ശൗചാലയവും ഇല്ല. 570 പട്ടികജാതി ഭവനങ്ങളിൽ ഇനിയും വൈദ്യുതി എത്താനുണ്ട്. നാറാണംമൂഴി ഗ്രാമപഞ്ചാ





യത്തിലെ പട്ടികവർഗ്ഗകോളനികൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വലയുകയാണ്. അടിച്ചുപുഴ പട്ടികവർഗ്ഗ കോളനിയിലെ ആകെ 250 കുടുംബങ്ങളിൽ കുടിവെള്ളം ലഭ്യമായവ 185 ഉം കക്കൂസ് ഉള്ളവ 100 മാണ്. കുടമുരുട്ടി കോളനിയിലെ 48 കുടുംബങ്ങളിൽ 20 കുടുംബങ്ങൾക്കേ കുടിവെള്ള ലഭ്യതയുള്ളൂ. ചൊള്ളനാവയൽ കോളനിയിലെ 59 കുടുംബങ്ങളിൽ ഒന്നിനു മാത്രമാണ് കുടിവെള്ളം ലഭ്യം. ചെമ്പനോലി കോളനിയിലെ ഒരു വീട്ടിലും കുടിവെള്ളം ലഭിക്കുന്നില്ല. ചൊള്ളനാവയൽ എസ്.ടി.കോളനിയിൽ മഴക്കാലത്ത് തൊട്ടടുത്തുള്ള തോട്ടിൽ നിന്നും വെള്ളം കയറി ജീവിതം ദുരിതപൂർണ്ണമാകുന്നു. എന്നാൽ കോളനിക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.



ഭവനരഹിതരും, ശൗചാലയമില്ലാത്തവരുമായി ഒട്ടേറെ കുടുംബങ്ങളാണ് പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിലെ എഴിക്കോട് പട്ടികജാതി കോളനിയിൽ കഴിയുന്നത്. 2012-13 ൽ ഏഴിക്കോട് കോളനിയുടെ സമഗ്രവികസനത്തിനായി 45 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് ഗ്രാമപഞ്ചായത്തിനു നൽകിയിരുന്നു. ഇതിൽ 38 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടും കോളനിയിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. മഴക്കാലത്ത് എഴിക്കോട് കോളനിയിലെ ജീവിതം ദുരിതപൂർണമാണ്. കോളനിക്ക് സംരക്ഷണഭിത്തി നിർമ്മിക്കാത്തതിനാൽ പുഞ്ചപ്പാടത്തു നിന്നുള്ള വെള്ളം ഇങ്ങോട്ടേക്ക് ഇരച്ചുകയറുന്നു. വെള്ളം കയറുന്നതിനാൽ സ്വന്തം വീടുകളിൽ കഴിയാനാവാതെ കോളനിവാസികൾ കമ്മ്യൂണിറ്റി ഹാളിലും, തൊട്ടടുത്ത നഴ്സറി സ്കൂളിലും അഭയം തേടുന്നു.

ഗ്രാമപഞ്ചായത്തിലെ മാലക്കര പുളിന്താനം പട്ടികജാതി കോളനിയിൽ 25 ലേറെ കുടുംബങ്ങൾ പാർക്കുന്നു. മൂന്നടിമാത്രം വീതിയുള്ള കോൺക്രീറ്റ് നടപ്പാതയാണ് കോളനിയിലേക്കുള്ള വഴി. നടപ്പാതയോടു ചേർന്ന് ആഴമേറിയതും, ജലസമൃദ്ധമായതുമായ ഒരു പാറക്കുളമുണ്ട്. 25 മീറ്ററോളം ഭാഗത്ത് ഈ പാതയ്ക്ക് കൈവരിയില്ല. രാത്രികാലത്ത് ഭയത്തോടെ മാത്രമേ ഇതുവഴി സഞ്ചരിക്കുവാൻ കഴിയു

**ആലപ്പുഴ ജില്ല**

ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 14 കുടുംബങ്ങൾ വസിക്കുന്ന ഉഴുവ എസ്.സി.കോളനിയിൽ കുടിവെള്ളമുള്ളത് ഒരു കുടുംബത്തിനു മാത്രമാണ്. കൊല്ലംവെളി, കാളിവീട് കോളനിയിൽ റോഡു സൗകര്യമില്ല. 11 കുടുംബങ്ങളുള്ള കാളിവീട് കോളനിയിൽ 3 കുടുംബങ്ങൾക്കു മാത്രമേ കുടിവെള്ള ലഭ്യതയുള്ളൂ. ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ 19 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന വള്ളാംകടവ് കോളനിയിൽ ഒരു വീട്ടിൽപോലും കുടിവെള്ള കണക്ഷൻ ഇല്ല.



ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പാറയിൽഭാഗം എസ്.സി.കോളനിയുടെ അവസ്ഥ പരിതാപകരമാണ്. ആകെ 11 പട്ടികജാതി കുടുംബങ്ങളാണ് ഈ കോളനിയിൽ കഴിയുന്നത്. ഇതിൽ 4 കുടുംബങ്ങൾക്കു മാത്രമാണ് വാസയോഗ്യമായ വീടുള്ളത്. 8 കുടുംബങ്ങൾക്കു ശൗചാലയമില്ല. 6 കുടുംബങ്ങൾക്കേ കുടിവെള്ള സൗകര്യമുള്ളൂ. 5 കുടുംബങ്ങൾക്ക് വഴി സൗകര്യമില്ല.



ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകിയ കണക്കുകൾ പ്രകാരം മൂന്നു കോളനികളിലെ 67 കുടുംബങ്ങളിലായി 176 പട്ടികവർഗ്ഗക്കാരാണ് നഗരസഭാ പ്രദേശത്ത് വസിക്കുന്നത്. നഗരമധ്യത്തിലുള്ള അവലുക്കുന്ന് പട്ടികവർഗ്ഗ കോളനി ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. 34 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഈ കോളനിയിൽ വസിക്കുന്നത്. ഇതിൽ

ഭൂരിഭാഗം പേരുടെയും ജീവിതസാഹചര്യങ്ങൾ പരമദയനീയമാണ്. ജീർണ്ണിച്ച് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കുടിലുകളിൽ കഴിയുന്നവരും, തകർന്നു വീഴാറായ വീടുകളിൽ കഴിയുന്നവരും ഇവിടെ ഉണ്ട് . പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കക്കൂസുകളാണ് മിക്ക വീടുകൾക്കുമുള്ളത്. കുടിവെള്ളം ഉൾപ്പെടെയുള്ള എല്ലാവിധ ആവശ്യങ്ങൾക്കുമായി പൊട്ടിയ നിലയിലുള്ള ഒരു പൊതു ടാപ്പാണ് ഉള്ളത്. വളരെ ദുഷ്ക്കരമായ സാഹചര്യത്തിലാണ് പട്ടികവർഗ്ഗക്കാർ ഇവിടെ കഴിയുന്നതെങ്കിലും 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഇവർക്കു വേണ്ടി ഒരു രൂപ പോലും നഗരസഭ ചെലവഴിച്ചിട്ടില്ല.

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 15 ശതമാനത്തോളം പട്ടികജാതിക്കാരാണ്. ഗ്രാമപഞ്ചായത്തിലെ നിലങ്ങളിൽ ഒരുപ്പു നെൽകൃഷിയാണ്. പട്ടികജാതി വിഭാഗത്തിലെ ഭൂരിഭാഗം പേരും കാർഷികവൃത്തി കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആയതിനാൽ വർഷത്തിൽ 3 മാസങ്ങൾ മാത്രമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത്. വർഷത്തിലെ വലിയൊരു കാലയളവിലും തൊഴിൽ ഇല്ലാത്തത് ഇവിടത്തെ പട്ടികജാതി വിഭാഗത്തെ ദാരിദ്ര്യത്തിലാഴ്ത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലായുള്ള 176 എസ്.സി. കുടുംബങ്ങളിൽ 121 എണ്ണത്തിനു മാത്രമാണ് റോഡ് സൗകര്യമുള്ളത്. ഇവയിൽത്തന്നെ 86 കുടുംബങ്ങൾക്ക് ഗ്രാവൽ റോഡുകൾ മാത്രമാണാശ്രയം. മഴക്കാലത്ത് വെള്ളം പൊങ്ങി ഈ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി മാറുന്നു. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള അധികച്ചെലവുമൂലം കാരിക്കുഴി, പൊട്ടക്കേരി, പരുവത്തറയിൽ എന്നീ പട്ടികജാതി കോളനികളിൽ പല വീടുകളും പണിപൂർത്തിയാവാത്ത നിലയിലാണ്. കോളനികളിലെ വീടുകളിലേക്കൊന്നും ഗാർഹിക ജലവിതരണ സംവിധാനമില്ല. തൊട്ടടുത്തുള്ള ചെന്നിത്തല പ്രാഥമികാരോഗ്യ കേന്ദ്രം കോളനികളിൽ നിന്നും 1 മുതൽ 4 കിലോമീറ്റർ വരെ അകലെയാണ്.

ജില്ലയിലെ എടത്വാ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 9.46 ശതമാനം പട്ടികജാതിക്കാരാണ്. 10 പട്ടികജാതി കോളനികൾ, 6 സങ്കേതങ്ങൾ എന്നിവിടങ്ങളിലായി 2231 പട്ടികജാതിക്കാരാണ് ഗ്രാമപഞ്ചായത്തിലുള്ളത്. എസ്.സി. കോളനികളും, സങ്കേതങ്ങളും സ്ഥിതി ചെയ്യുന്നത് നെൽവയലുകളോട് ചേർന്നുള്ള ചിറകളിലോ വയലുകളുടെ നടുക്കുള്ള തുരുത്തുകളിലോ ആണ്. മിക്ക കോളനികളിലും പൊതുടാപ്പുകൾ സ്ഥാപിച്ച് കുഴൽകിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നുണ്ടെങ്കിലും, ഇത് കുടിക്കാനോ പാചകത്തിനോ ഉപയോഗിക്കുവാൻ കഴിയുംവിധം ശുദ്ധമല്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങൾ പോലുമില്ലാത്ത വീടുകൾ പട്ടികജാതി സങ്കേതങ്ങളിലുണ്ട്. സാംസ്ക്കാരിക നിലയം, കമ്മ്യൂണിറ്റി ഹാൾ, വായനശാല, വിനോദോപാധികൾ എന്നിവയൊന്നും തന്നെ ഒരു കോളനിയിലും ഇല്ല.

**കോട്ടയം ജില്ല**

ജില്ലയിൽ, പട്ടികജാതിക്കാർ ഒറ്റപ്പെട്ടു കഴിയുന്ന ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ വാഴമനഭാഗത്തെ കുടുംബങ്ങൾക്കു റോഡു സൗകര്യമില്ല. ഒറ്റത്തടിപ്പാലമാണ് ഇപ്പോഴും ഈ പട്ടികജാതി സങ്കേതത്തിലെത്താൻ ആശ്രയം.

കോട്ടയം നഗരസഭയിലെ 48 പട്ടികജാതി കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ അപൂർണ്ണമാണ്. കാക്കനാട് പുതുപ്പറമ്പ് ചെമ്മാർ കോളനി, കുമാരനല്ലൂർ പട്ടത്താനം കോളനി എന്നിവിടങ്ങളിൽ കുടിവെള്ളമില്ലാതെ ജീവിതം ദുസ്സഹമാണ്. മാലിന്യനിർമ്മാർജ്ജനമാണ് കോളനിവാസികൾ നേരിടുന്ന വലിയ പ്രശ്നം. കോളനികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ കോടിമത, നാഗമ്പടം ഭാഗങ്ങളിൽ എസ്.സി.പി. ഫണ്ടുപയോഗിച്ച് സ്ഥാപിച്ചിട്ടുണ്ടെങ്കിലും, കോളനിവാസികൾ ഇവയുടെ ഉപയോഗത്തെപ്പറ്റി അജ്ഞരാണ്. പട്ടികജാതി കോളനികളും ഇവയ്ക്ക് സമീപമുള്ള ചതുപ്പുകളും, ജലാശയങ്ങളും മാലിന്യക്കൂമ്പാരങ്ങളായി മാറിയിട്ടുണ്ട്.


സംസ്ക്കരിക്കപ്പെടാതെ കിടക്കുന്ന മാലിന്യങ്ങൾ

ചങ്ങനാശ്ശേരി നഗരസഭയുടെ 24-ാം വാർഡിലുള്ള മനയ്ക്കച്ചിറ കോളനിയിലെ 38 വീടുകളും പട്ടികജാതിക്കാരുടേതാണ്. നഗരമാലിന്യങ്ങൾ നിറഞ്ഞ എ.സി.കനാലിന് അഭിമുഖമായി ചേറും, വെള്ളക്കെട്ടുമുള്ള പ്രദേശത്തോടു ചേർന്നാണ് വീടുകൾ അധികവും. തികച്ചും ശോചനീയമായ നിലയിലാണ് ഇവിടത്തെ ജനജീവിതം. പല വീടുകളുടെയും രണ്ടുവശങ്ങളിലും വെള്ളം കയറി പുറത്തേക്ക് ഇറങ്ങുവാൻ പോലും കഴിയാത്ത അവസ്ഥയുമുണ്ട്. ചതുപ്പിനും വീടുകൾക്കും ഇടയിൽ സംരക്ഷണഭിത്തി നിർമ്മിച്ചിട്ടില്ലാത്തത് പ്രധാന പോരായ്മയാണ്.



**മനയ്ക്കച്ചിറ കോളനിയിലെ ശോചനീയാവസ്ഥയിലുള്ള വീടുകൾ**

**ഇടുക്കി ജില്ല**

ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ 27 പട്ടികവർഗ്ഗകോളനികളിലായി 2047 കുടുംബങ്ങൾ ഉള്ളതിൽ 672 എണ്ണത്തിനു മാത്രമാണ് കുടിവെള്ളം ലഭ്യമായിട്ടുള്ളത്. കക്കൂസ് ഉള്ള കുടുംബങ്ങൾ 699 എണ്ണം മാത്രം.

**പാലക്കാട് ജില്ല**

ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങളിൽ 62 ശതമാനത്തിനേ കുടിവെള്ളം ലഭ്യമായിട്ടുള്ളു. കക്കൂസ് ഉള്ള പട്ടികജാതി കുടുംബങ്ങൾ 43 ശതമാനവും, പട്ടികവർഗ്ഗ കുടുംബങ്ങൾ 2 ശതമാനവും മാത്രമാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ പുത്തൻപാടം, പറത്തോട് പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡുസൗകര്യമില്ല. രണ്ടു കിലോമീറ്ററോളം സ്വകാര്യവ്യക്തികളുടെ വയൽവരമ്പിലൂടെ നടന്നാലേ കോളനികളിൽ എത്തിച്ചേരു. തികച്ചും ഒറ്റപ്പെട്ട ഈ കോളനികളിൽ മഴക്കാലത്ത് എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. ആകെ ജനസംഖ്യയുടെ 23.61 ശതമാനം പട്ടികജാതിക്കാരുള്ള ഗ്രാമപഞ്ചായത്തിലെ 22 ശതമാനം പട്ടികജാതിക്കാർക്കും വാസയോഗ്യമായ ഗൃഹമില്ല. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50 ശതമാനത്തോളം പട്ടികവർഗ്ഗക്കാരാണ്. പട്ടികവർഗ്ഗ കോളനികളിൽ 45 ശതമാനം കുടുംബങ്ങൾക്കേ കുടിവെള്ളം ലഭ്യമായിട്ടുള്ളു. 25 ശതമാനം കുടുംബങ്ങൾക്കും കക്കൂസില്ല. 52 ശതമാനം പട്ടികവർഗ്ഗ ഭവനങ്ങൾക്കേ വൈദ്യുതി കണക്ഷനുള്ളു.



റോഡു സൗകര്യമില്ലാത്ത പുത്തൻപാടം,
പറത്തോട് പട്ടികവർഗ്ഗ കോളനികൾ

**മലപ്പുറം ജില്ല**

ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ പാണമ്പി ആദിവാസികോളനിയിലെ ജീവിതം ദുരിതപൂർണ്ണമാണ്. റോഡുസൗകര്യമോ, കുടിവെള്ളമോ ഇല്ലാത്ത അവസ്ഥയിലാണ് കോളനിവാസികൾ. കുന്നിൻമുകളിലെ നീർച്ചോലയാണ് കുടിവെള്ളത്തിനുള്ള ഏക ആശ്രയം. വേനൽക്കാലത്ത് കിലോമീറ്ററുകളോളം നടന്നാണ് കുടിവെള്ളം കൊണ്ടുവരുന്നത്.

